प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മാർച്ച് 08, 2019

## റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ 36 ബാങ്കുകളുടെ മേൽ പണപ്പിഴ ചുമത്തി

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർ ബി ഐ) അതിൻറെ 2019 ജനുവരി 31, ഫെബ്രുവരി 25 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം, SWIFT- ഉമായി ബന്ധപ്പെട്ട പ്രവർത്തന നിയന്ത്രണങ്ങൾ ശക്തിപ്പെടുത്താനും, റിസർവ് ബാങ്കിൻറെ വിവിധ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിൽവരുത്താനുമുള്ള നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് താഴെകാണിച്ചിട്ടുള്ള 36 ബാങ്കുകളുടെ മേൽ പണപ്പിഴ ചുമത്തി.

| ക്രമനമ്പർ | ബാങ്കിൻറെ പേര് | പിഴത്തുക രൂപ ദശലക്ഷ കണക്കിൽ |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ | 40 |
| 2 | കത്തോലിക് സിറിയൻ ബാങ്ക് ലിമിറ്റഡ് | 40 |
| 3 | സിറ്റി ബാങ്ക് എൻ.എ | 40 |
| 4 | ഇൻഡ്യൻ ബാങ്ക് | 40 |
| 5 | കർണ്ണാടക ബാങ്ക് ലിമിറ്റഡ് | 40 |
| 6 | ബി എൻ പി പാരിബസ് | 30 |
| 7 | സിറ്റിയൂണിയൻ ബാങ്ക് ലിമിറ്റഡ് | 30 |
| 8 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 30 |
| 9 | യുക്കോ ബാങ്ക് | 30 |
| 10 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 30 |
| 11 | യൂണൈറ്റഡ് ബാങ്ക് ഓഫ് ഇൻഡ്യ | 30 |
| 12 | അലഹബാദ് ബാങ്ക് | 20 |
| 13 | ബാങ്ക് ഓഫ് മഹാരാഷ്ട്രാ | 20 |
| 14 | കനറാബാങ്ക് | 20 |
| 15 | ഡി സി ബി ബാങ്ക് ലിമിറ്റഡ് | 20 |
| 16 | ദേനാ ബാങ്ക് | 20 |
| 17 | ജമ്മൂ & കാശ്മീർ ബാങ്ക് ലിമിറ്റഡ് | 20 |
| 18 | ഓറിയൻറൽ ബാങ്ക് ഓഫ് കോമേഴ്സ് | 20 |

| | | |
|---|---|---|
| 19 | സിൻഡിക്കേറ്റ് ബാങ്ക് | 20 |
| 20 | ബാങ്ക് ഓഫ് അമേരിക്ക എൻ.എ) | 10 |
| 21 | ബാർക്ലെസ് ബാങ്ക് Plc | 10 |
| 22 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | 10 |
| 23 | കോർപ്പറേഷൻ ബാങ്ക് | 10 |
| 24 | ഡി ബി എസ് ബാങ്ക് ലിമിറ്റഡ് | 10 |
| 25 | ഡോയിഷ് ബാങ്ക് A.G | 10 |
| 26 | ഹോങ്കോംഗ് & ഷാൻങ്ങായ് ബാങ്കിംഗ് കോർപ്പറേഷൻ ലിമിറ്റഡ് | 10 |
| 27 | ഐസി ഐസി ഐ ബാങ്ക് ലിമിറ്റഡ് | 10 |
| 28 | ഐഡി ബി ഐ ബാങ്ക് ലിമിറ്റഡ് | 10 |
| 29 | ഇൻറസ് ഇൻഡ് ബാങ്ക് ലിമിറ്റഡ് | 10 |
| 30 | ജെ.പി മോർഗൻ ചെസ് ബാങ്ക് എൻ.എ) | 10 |
| 31 | കരൂർ വൈശ്യാ ബാങ്ക് ലിമിറ്റഡ് | 10 |
| 32 | പഞ്ചാബ് & സിൻഡ് ബാങ്ക് | 10 |
| 33 | സ്റ്റാൻററേർഡ് ചാർട്ടേട് ബാങ്ക് | 10 |
| 34 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 10 |
| 35 | തമിഴ്നാട് മെർക്കൻറയിൽ ബാങ്ക് ലിമിറ്റേഡ് | 10 |
| 36 | YES ബാങ്ക് ലിമിറ്റേഡ് | 10 |

1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 47 A (1) (c) ഒപ്പം സെക്ഷൻ 46(4)(i)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച്, ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാണ് ഈ പിഴകൾ ചുമത്തിയിട്ടുള്ളത്.

**പശ്ചാത്തലം**

50 പ്രമുഖ ബാങ്കുകളുടെ SWIFT സംബന്ധമായ പ്രവർത്തന നിർദ്ദേശങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ആർബിഐ ഉത്തരവുകൾ നടപ്പിലാക്കുന്നതും പാലിക്കുന്നതും സംബന്ധിച്ച ഒരവലോകനം നടത്തുകയുണ്ടായി. അതിൽ താഴെപ്പറയുന്നവയെ സംബന്ധിച്ച ഒന്നോ അതിലധികമോ പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് വെളിപ്പെട്ടു.

i) SWIFT പശ്ചാത്തലത്തിലുള്ള പെയ്മെൻറ് സന്ദേശങ്ങളുടെ നേരിട്ടുള്ള നിർമ്മാണം.

ii) സിബിഎസ്/അക്കൗണ്ടിംഗ് സിസ്റ്റം, SWIFT അക്കൗണ്ടിംഗ് സിസ്റ്റം എന്നിവയ്ക്കിടയിലുള്ള സെട്രയിറ്റ് ത്രൂ പ്രോസസ്സിംഗ് (STP)നടപ്പിലാക്കുക.

iii) സിബിഎസ് (CBS)വഴി പ്രവേശിക്കുന്നവരും, പാസ്സാക്കുന്നവരും ചുമതലപ്പെടുത്തുന്നവരും SWIFT പശ്ചാത്തലത്തിൽ ഓപ്പെറേറ്റ് ചെയ്യുന്നവരിൽ നിന്നും വ്യത്യസ്തരായിരിക്കണമെന്ന് ഉറപ്പുവരുത്തുക.

iv) SWIFT ൽ ഉത്ഭവിക്കുന്ന എൻട്രികൾ, സമാനമായി സിബിഎസ്/അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ പാസ്സാക്കുന്ന എൻട്രികളുമായി ഒത്തുനോക്കുക

v) ഒരു നിശ്ചിതപരിധിയ്ക്കു മുകളിലുള്ള പെയ്മെൻറു സന്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് അംഗീകരിക്കുവാൻ ഒരു അധിക തട്ടുകൂടി തുടങ്ങുക.

vi) T+1/T+5 അടിസ്ഥാനത്തിൽ നോസ്ട്രോ ഒത്തുനോക്കൽ (Nostro reconciliation)

അവലോകനത്തിലെ കണ്ടെത്തലുകളും, നിയമങ്ങൾ പാലിക്കുന്നതിൽ വരുത്തുന്ന പോരായ്മകളുടെ തോതും അടിസ്ഥാനമാക്കി 49 ബാങ്കുകൾക്ക് നോട്ടീസുകൾ നൽകി. നോട്ടീസിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരുന്നതിന് പിഴചുമത്താതിരിക്കുന്നതിനുള്ള കാരണങ്ങൾ ബോധിപ്പിക്കാനായിരുന്നു നോട്ടീസുകൾ. ബാങ്കുകളിൽ നിന്നും ലഭിച്ച മറുപടികളും ചോദിച്ചവർ നേരിട്ടുനൽകിയ വിശദീകരണങ്ങളും, അധികമായി നൽകിയ സമർപ്പണങ്ങളും പരിഗണിച്ച ശേഷം മേൽക്കാണിച്ച 36 ബാങ്കുകളുടെ മേൽ, നിയമങ്ങൾ പാലിക്കുന്നതിൽ ഓരോ ബാങ്കിലും വന്നപോരായ്മകളുടെ തോതിൻറെ അടിസ്ഥാനത്തിൽ പണപ്പിഴചുമത്താൻ ആർബിഐ തീരുമാനി ക്കുകയായിരുന്നു.

ഈ നിയന്ത്രണങ്ങൾ പാലിക്കപ്പെടു ന്നുണ്ടോ എന്ന് കർശനമായും തുടർച്ചയായും ആർ ബി ഐ നിരീക്ഷണങ്ങൾ തുടർന്നും നടത്തിക്കൊണ്ടിരിക്കും.

ജോസ്.ജെ കാട്ടൂർ

**പ്രസ്സ് റിലീസ് 2018-2019/2144** ചീഫ് ജനറൽ മാനേജർ